# Govt LPS THOTTAKKADU, KARAVARAM PO ,TRIVANDRUM

ഗവൺമെന്റ് എൽപിഎസ് തോട്ടയ്ക്കാട്, കിളിമാനൂർ ബി ആർ സി
കരവാരം പി ഓ
തിരുവനന്തപുരം ജില്ല
ഫോൺ 7025817153
Mail id : glpstkd@gmail.കോം

## പുസ്തക കുട്ടയിൽ നിന്ന് പുസ്തക ഉടമയിലേക്ക് ഞങ്ങളുടെ ഗ്രാമം വായന ഗ്രാമം

### ലക്ഷ്യം

- വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും വായനയുടെ അത്ഭുതം ലോകത്തേക്ക് നയിക്കുക
- അധ്യാപകരിൽ രക്ഷിതാക്കളെ നാട്ടുകാരിൽ നല്ല വായനാശീലം വളർത്തുക
- രക്ഷകർതൃ വായനയിലൂടെ കുട്ടികൾക്ക് വായനയ്ക്കുള്ള പിന്തുണ ഉറപ്പാക്കുക
- കുട്ടികളിലെ സർഗാത്മക രചനക്ക് ഉള്ള സാധ്യതകൾ കണ്ടെത്തി പരിപോഷിപ്പിക്കുക
- സ്വതന്ത്ര രചന കളിലേക്ക് കുട്ടികളെ നയിക്കുക
- പ്രാദേശിക വായനശാലകളുമായി കുട്ടികളെ അടുപ്പിക്കുക
- ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവ നന്നായി ഉപയോഗപ്പെടുത്തുക
- സ്വന്തമായി സ്വരൂപിക്കുന്ന സമ്പാദ്യം കൊണ്ട് വീടുകളിൽ ലൈബ്രറികൾ ഒരുക്കുക
- ഹോം ലൈബ്രറികളിലൂടെ സ്വതന്ത്ര വായനയ്ക്ക് കൂടുതൽ സാധ്യതകൾ സൃഷ്ടിക്കുക
- നാട്ടുകൂട്ടങ്ങൾ ചേർന്ന് പുസ്തക ചർച്ചകൾ സംഘടിപ്പിക്കുക

- കുട്ടികളുടെ ഹോം ലൈബ്രറികൾ നാട്ടു വായനശാലകൾ ആക്കി നാട്ടുകാർക്ക് കൂടി പ്രയോജനപ്പെടുത്തുക
- ഈ വായന പരിപോഷിപ്പിച്ച് പ്രായോഗികമാക്കുക
- സമ്പൂർണ്ണ ഹോം ലൈബ്രറി പ്രഖ്യാപനം
- ഒരു നാടിനെ ആകെ വായനയിലേക്ക് നയിക്കുക
- വായന ഗ്രാമം പ്രഖ്യാപനം നടത്തുക

## ടാർഗറ്റ് ഗ്രൂപ്പ്

- ഓരോ വർഷവും വിദ്യാലയത്തിൽ എത്തുന്ന പ്രീപ്രൈമറി മുതൽ നാലുവരെ ക്ലാസിലെ കുട്ടികൾ
- അവരുടെ രക്ഷിതാക്കൾ
- ഓരോ വാർഡിലും ഉള്ള നാട്ടുകൂട്ടങ്ങൾ
- വായന കൂട്ടങ്ങൾ

# <u>പ്രവർത്തനങ്ങളും പ്രക്രിയയും</u>

## ☐ കഥയരങ്ങ്

കുട്ടികൾക്ക് കഥകളോട് ഇഷ്ടം കൂടിക്കുക എന്നതാണ് ആദ്യമായി ചെയ്യുന്നത്. കുട്ടികൾക്ക് അധ്യാപിക രസകരമായി കഥകൾ പറഞ്ഞു കൊടുക്കുന്നു. കഥയുടെ ഭാവം ഒട്ടും ചോരാതെ ആവശ്യമായ ശബ്ദ വ്യതിയാനങ്ങളോടെ ആകർഷകമായ രീതിയിലാണ് അവതരണം. അങ്ങനെ കുട്ടികൾ കഥകൾ കേൾക്കാൻ ഇഷ്ടമുള്ളവർ ആയി മാറുന്നു. എല്ലാദിവസവും ഇടവേളകളിൽ കഥകൾ പറഞ്ഞു കൊടുക്കുവാൻ നിശ്ചിത സമയം കണ്ടെത്തിയിരുന്നു. സ്കൂളിൽനിന്ന് കേൾക്കുന്ന കഥ വീട്ടിൽ പോയി വീട്ടുകാരുമായി പങ്കുവയ്ക്കണം. കഥ കേൾക്കുന്ന വീട്ടുകാർ പ കരമായി കുട്ടിക്കും ഒരു കഥ പറഞ്ഞു കൊടുക്കണം. അങ്ങനെ കിട്ടുന്ന കഥയുമായാണ് കുട്ടി പിറ്റേദിവസം സ്കൂളിൽ എത്തുന്നത്. ആ കഥ കഥാ വേളയിൽ അവതരിപ്പിക്കും. ഓരോ ദിവസവും നിശ്ചിത കുട്ടികൾക്ക് അവതരണത്തിന് സമയം നൽകും. ആവേശകരമായ ഒരു പരിപാടിയായി കഥയര ങ്ങ് മാറി. ഒരു ദിവസം സ്കൂളിൽ നിന്ന് കഥ കിട്ടിയില്ലെങ്കിലും ചോദിച്ച് അത് കേൾക്കുന്ന അവസ്ഥയിലേക്ക് കുട്ടികൾ മാറി.

## ☐ അമ്മക്കഥയരങ്ങ്

തുടർന്ന് വിദ്യാലയത്തിൽ അമ്മമാരുടെ കഥയരങ്ങ് സംഘടിപ്പിച്ചു. കഥാ വേളയിൽ കുട്ടികൾ ചേർന്നിരുന്ന് അമ്മമാർ പറഞ്ഞുകൊടുക്കുന്ന കഥകൾ ആസ്വദിച്ചു. ആഴ്ചയിൽ ഒരു ദിവസമാണ് അമ്മ ക്ക ഥയരങ്ങ് ങ്ങ് സംഘടിപ്പിക്കുക. ദിവസവും കുട്ടികൾക്ക് കഥ പറഞ്ഞു കൊടുക്കുന്ന അമ്മമാർക്ക് അവർക്കറിയാവുന്ന കഥകൾ പറഞ്ഞു കഴിഞ്ഞപ്പോൾ കൂടുതൽ കഥകൾ കണ്ടെത്തി വായിക്കേണ്ടതും മക്കൾക്ക് പറഞ്ഞു കൊടുക്കേണ്ടതും ആവശ്യമായി തീർന്നു. അങ്ങനെയാണ് രക്ഷിതാക്കൾ കൂടി സ്കൂൾ ലൈബ്രറിയെ

ഉപയോഗപ്പെടുത്തി തുടങ്ങിയത്. രക്ഷിതാക്കൾ സ്കൂൾ ലൈബ്രറിയിൽ എത്തി അവിടെ നിന്നും അനുയോജ്യമായ പുസ്തകങ്ങൾ കണ്ടെത്തി മക്കൾക്കായി കഥകൾ പറഞ്ഞു കൊടുക്കുവാൻ വീട്ടിലേക്ക് കൊണ്ടുപോകുന്നത് പതിവായി. കുട്ടികളും രക്ഷിതാക്കളും നിരന്തര വായനക്കാരായപ്പോൾ സ്കൂൾ ലൈബ്രറിയിലെ അനുയോജ്യമായ പുസ്തകങ്ങളുടെ എണ്ണ ക്കുറവ് വെല്ലുവിളിയായി. അങ്ങനെയാണ് പ്രാദേശിക ലൈബ്രറികളുടെ സഹായം തേടിയത്.

## ☐ പ്രാദേശിക ലൈബ്രറികളിലേക്ക്

വിദ്യാലയത്തിലെ പുസ്തകങ്ങൾ ഏകദേശം വായിച്ചു കഴിഞ്ഞ കുട്ടികളും രക്ഷിതാക്കളും അധ്യാപകരുടെ സഹായത്തോടെ കൂടുതൽ പുസ്തകങ്ങൾക്കായി പ്രാദേശിക ലൈബ്രറികളെ സമീപിച്ചു. അവർ പ്രാദേശിക ലൈബ്രറികളുടെ പ്രവർത്തനങ്ങൾ കണ്ടും കേട്ടും ചോദിച്ചും മനസ്സിലാക്കി.പ്രാദേശിക ലൈബ്രറികളിലെ ജീവനക്കാരും അപ്പോഴാണ് ലൈബ്രറികളിൽ പ്രൈമറി കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങളുടെ പരിമിതി മനസ്സിലാക്കിയത്. വിദ്യാലയത്തിന്റെ വായനാ പ്രവർത്തനങ്ങൾക്ക് ശക്തി പകരുവാൻ നാട്ടുകാരിൽ നിന്ന് കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങളുടെ സമാഹരണം നടത്തിക്കൊണ്ട് ഈ പദ്ധതിയോട് ചേർന്നുനിന്നു. അപ്പോഴാണ് സ്വതന്ത്രമായി വായിക്കുവാൻ കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വീടുകളിൽ കൂടി ഒരുക്കിയാലോ എന്നൊരു ചിന്ത ഉണ്ടാകുന്നത്. അങ്ങനെയാണ് കുട്ടികൾക്ക് കുടുക്കകൾ നൽകുന്നതും അതിന് 'പുസ്തകകുടുക്ക 'എന്ന പേര് നൽകുന്നതും.

## ☐ പുസ്തക കുടുക്ക

ജൂൺ 19 ലെ വായനാദിനത്തിലാണ് പുസ്തകകുടുക്ക പദ്ധതി ആരംഭിച്ചത്. സ്കൂൾ ലൈബ്രറിയിലെയും ക്ലാസ് ലൈബ്രറിയിലെയും പ്രാദേശിക ലൈബ്രറിയിലെയും പുസ്തകങ്ങൾ പരിചയപ്പെട്ടു കഴിഞ്ഞ കുട്ടികൾക്ക് സ്വതന്ത്ര വായനയ്ക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുക എന്നതാണ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. അധ്യാപകർ സമ്മാനമായാണ് കുട്ടികൾക്ക് കുടുക്കകൾ നൽകിയത്. ആ കുടുക്കകൾ കുട്ടികൾ വീടുകളിൽ ആണ് സൂക്ഷിക്കുന്നത്. അവർക്ക് ലഭിക്കുന്ന നാണയത്തുട്ടുകളോ നോട്ടുകളും കുടുക്കകളിൽ നിക്ഷേപിക്കണം. നിശ്ചിത മാസങ്ങൾക്ക് ശേഷം വിദ്യാലയത്തിൽ നിന്ന് അറിയിപ്പ് ലഭിക്കുമ്പോൾ കുട്ടികളും രക്ഷിതാക്കളും നിറഞ്ഞ കുടുക്കയുമായി വിദ്യാലയത്തിൽ എത്തി അധ്യാപകരുടെ സാന്നിധ്യത്തിൽ കുടുക്കകൾ പൊട്ടിച്ച് നാണയത്തുട്ടുകൾ എണ്ണിത്തിട്ടപ്പെടുത്തണം. തുടർന്ന് വിദ്യാലയത്തിൽ പുസ്തക വണ്ടി വരുകയും ഈ നാണയങ്ങൾ പുസ്തക വണ്ടിക്ക് കൈമാറിക്കൊണ്ട് അനുയോജ്യമായ പുസ്തകങ്ങൾ കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ചേർന്ന് വാങ്ങുകയും ചെയ്യുന്നു. കുട്ടികൾക്കൊപ്പം തന്നെ നാട്ടിലെ സർക്കാർ ഓഫീസുകൾ കടകൾ വീടുകൾ എന്നിവിടങ്ങളിലും പുസ്തകകുടുക്കകൾ നൽകിയിരുന്നു. നിർദ്ദേശമനുസരിച്ച് അവരും പുസ്തക കുടുക്കകൾ നിറച്ചിരുന്നു. പുസ്തക വണ്ടി വരുന്ന ദിവസം നാടാകെ വിദ്യാലയത്തിലെത്തി പുസ്തകങ്ങൾ സ്വന്തമാക്കുന്ന കാഴ്ച കൗതുകകരവും രസകരവും ആയിരുന്നു.

## ☐ പുസ്തക കുടുക്ക പൊട്ടിക്കൽ

ഡിസംബർ മാസത്തോടുകൂടി നിറഞ്ഞ കുടുക്കകളുമായി കുട്ടികളും രക്ഷിതാക്കളും വിദ്യാലയത്തിൽ എത്തുകയും അധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ പുസ്തക കുടുക്കകൾ പൊട്ടിച്ച് നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുകയും ചെയ്തു. രക്ഷിതാവും കുട്ടിയും ചേർന്ന് പുസ്തകങ്ങൾ സ്വന്തമാക്കുവാൻ വേണ്ടി ആവേശത്തോടെ തനിക്ക് മിഠായിയും മറ്റുമൊക്കെ വാങ്ങാൻ കിട്ടിയ നാണയങ്ങൾ എണ്ണുന്നത് കണ്ടത് ആഹ്ലാദകരമായ കാഴ്ച തന്നെയായിരുന്നു. ഒപ്പം തന്നെ സമ്പാദ്യ ശീലം വളർത്തിയെടുക്കുവാനും കഴിഞ്ഞു. താൻ ശേഖരിച്ച് നാണയത്തുട്ടുകളിൽ നിന്നും കുട്ടികൾ ഒരു രൂപ രണ്ട്

രൂപ 5 രൂപ 10 രൂപ തുടങ്ങിയനാണയങ്ങൾ തരംതിരിക്കുകയും എണ്ണിത്തിട്ടപ്പെടുത്തുകയും ചെയ്യുന്നതിലൂടെ നിരവധി ഗണിത സാധ്യതകൾ ഒരുക്കുകയും ചെയ്തു.

## ☐ പുസ്തക വണ്ടി

നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി കഴിഞ്ഞാൽ അടുത്ത ഘട്ടം കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വാങ്ങുകയാണ്. അതിനായി അധ്യാപകരും രക്ഷിതാക്കൾ ചേർന്നിരുന്നു  കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ മുൻകൂട്ടി ലിസ്റ്റ് ചെയ്യുന്നു. പുസ്തക വണ്ടിയെ വിദ്യാലയത്തിൽ എത്തിക്കുകയും അതിൽ നിന്ന് പുസ്തകങ്ങൾ വാങ്ങുകയും ചെയ്യുന്നു.

## ☐ ഹോം ലൈബ്രറി ഒരുക്കൽ

കുട്ടികൾ വാങ്ങിയ പുസ്തകങ്ങൾ വച്ച് വീടുകളിൽ ലൈബ്രറി ഒരുക്കുകയാണ് അടുത്തഘട്ടം. ഒരു ദിവസവും വൈകുന്നേരങ്ങളിൽ അധ്യാപകരും നാട്ടുകാരും ജനപ്രതിനിധികളും വിശിഷ്ട വ്യക്തിയും ചേർന്ന് ഓരോ കുട്ടിയുടെയും ഹോം ലൈബ്രറി ഉദ്ഘാടനം ചെയ്യുന്നു.

## ☐ ആദ്യ ഹോം ലൈബ്രറി ഉദ്ഘാടനം

ആദ്യ ഹോം ലൈബ്രറി ഉദ്ഘാടനം ചെയ്തത് മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ ഗിരീഷ് പുലിയൂർ ആണ്. ഓരോ കുട്ടികളുടെയും വീടുകളുടെ ലൈബ്രറി ഉദ്ഘാടനം ചെയ്തു. ഒരു നാടിന്റെ ഉത്സവമാക്കി ഈ പരിപാടിയെ മാറ്റുവാൻ കഴിഞ്ഞു.

## ☐ കുട്ടി ലൈബ്രറികളിലെ സ്റ്റോക്ക് ഇഷ്യൂ രജിസ്റ്ററുകൾ

ഓരോ കുട്ടിയുടെയും വീടുകളിൽ പുസ്തകങ്ങളുടെ സ്റ്റോക്ക് ഇഷ്യൂ രജിസ്റ്ററുകൾ സൂക്ഷിക്കുന്നു

## ☐ ഹോം ലൈബ്രറികൾ  ആകെ നാട്ടു വായനശാലകൾ

വിദ്യാലയത്തിലെ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ എല്ലാ കുട്ടികളുടെയും വീടുകളിൽ ലൈബ്രറികൾ ഒരുങ്ങി. അവരുടെ ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾ സ്വതന്ത്ര വായനക്കായി ധാരാളം ഉപയോഗപ്പെടുത്തി. ഒപ്പം തന്നെ കൂട്ടുകാർ അവരുടെ ഹോം ലൈബ്രറിയിൽ ഇല്ലാത്ത പുസ്തകങ്ങൾ കൂട്ടുകാരുടെ ഹോം ലൈബ്രറിയിൽ പോയി എടുത്തു വാങ്ങി വായിക്കുകയും തിരിച്ചു കൊടുക്കുകയും ചെയ്യുന്നത് ശീലമായി. ഓരോ കുട്ടിയുടെയും ഹോം ലൈബ്രറികളിൽ സ്റ്റോക്ക് രജിസ്റ്ററും ഇഷ്യൂ രജിസ്റ്റർറും സൂക്ഷിച്ചിട്ടുണ്ട്. ക്രമേണ

സമീപപ്രദേശങ്ങളിലെ നാട്ടുകാരും അയൽപക്ക വിദ്യാലയങ്ങളിലെ കൂട്ടുകാരും ഒക്കെ തങ്ങളുടെ കുട്ടികളുടെ വിദ്യാലയത്തിലെ ഹോം ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്തു വായന തുടങ്ങി. അപ്പോഴാണ് ഈ കുട്ടികളുടെ ലൈബ്രറികൾ നാട്ടുവായനശാലകൾ കൂടി ആക്കുന്നതിനെ കുറിച്ച് ആലോചിച്ചത്. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇതിൽ താല്പര്യമായിരുന്നു. തന്റെ പുസ്തകങ്ങൾ മറ്റുള്ളവർക്ക് കൂടി വായിക്കാൻ നൽകുന്നതിലൂടെ പങ്കുവയ്ക്കലിന്റെയും ചില മാനുഷികമൂല്യങ്ങൾ കൂടി അവരിൽ ഉണ്ടാക്കാൻ കഴിഞ്ഞു. അമിൽ എന്ന നാലാം ക്ലാസുകാരന്റെ ഹോം ലൈബ്രറി ആണ് ആദ്യമായി നാട്ടുവായനശാലയായി പ്രഖ്യാപിച്ചത്. ആറ്റിങ്ങലിന്റെ ബഹുമാനപ്പെട്ട എംപി അടൂർ പ്രകാശ് സാറാണ് ഉദ്ഘാടനം ചെയ്തത്. തുടർന്ന് മറ്റു കുട്ടികളുടെ ഹോം ലൈബ്രറികളും നാട്ടുവായനശാലകൾ ആയി. ഇന്ന് ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും ഹോം ലൈബ്രറികൾ നാട്ടു വായനശാലകൾ ആണ്.

## ☐ നല്ല വായന രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സ്വഭാവരൂപീകരണത്തിലേക്ക് വരെ എത്തിച്ചേർന്നു

നാട്ടിൽ പടർന്ന വായന സംസ്കാരം അവിടെയുള്ള ആളുകളുടെ സ്വഭാവരൂപീകരണത്തിലേക്ക് പോലും എത്തിച്ചേർന്നു എന്നത് പദ്ധതിയുടെ വിജയമായി കാണുന്നു. മദ്യപാനികളായ പിതാക്കന്മാർ മദ്യപാനം നിർത്തിയതും ആ തുക കൂടി പുസ്തക കുടുക്കയിൽ നിക്ഷേപിച്ച് പുസ്തകങ്ങൾ വാങ്ങുവാൻ വ്യഗ്രത കാണിച്ചതും സന്തോഷകരമാണ്. അങ്ങനെ അങ്ങനെ ഒരുപാട് ഒത്തിരി അനുഭവങ്ങൾ.

# <u>കണ്ടെത്തലുകളും തിരിച്ചറിവുകളും</u>

1. വിദ്യാലയത്തിൽലൈബ്രറി പുസ്തകങ്ങളുടെ കുറവ്.
2. ലിപി പരിഷ്കരണം ഇടയ്ക്കിടെ ഉണ്ടാകുന്ന ലിപി പരിഷ്കരണങ്ങൾ പ്രതികൂലമായി ബാധിച്ചു. പഴയ ലിപിയിലുള്ള പുസ്തകങ്ങൾ പലതും വായിച്ചെടുക്കുന്നത് അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടു.
3. രക്ഷിതാക്കൾക്ക് വായിക്കുവാൻ താല്പര്യമുണ്ട് പക്ഷേ അവസരങ്ങൾ ഇല്ലായിരുന്നു.
4. കുടുംബത്തെയും നേരിട്ടറിയൽ .

ഹോം ലൈബ്രറികൾ കാണുവാൻ കുട്ടികളുടെ വീടുകളിൽ പോയതിലൂടെ അവരുടെ വീട് അറിയുവാനും സാഹചര്യങ്ങൾ മനസ്സിലാക്കുവാനും പരിഹാരമാർഗ്ഗങ്ങൾ ഒരു പരിധിവരെ കണ്ടെത്തുവാനും സാധിച്ചു.

## തിരിച്ചറിവുകൾ

അവസരങ്ങൾ നൽകിയാൽ കുട്ടികളും സമൂഹവും ഉപയോഗപ്രദമായ ഏത് പ്രവർത്തനവും ഏറ്റെടുക്കും എന്ന് മനസ്സിലായി. രക്ഷിതാക്കൾ പുസ്തകങ്ങൾ വാങ്ങുവാൻ പണം സുരഭി ആവശ്യത്തോടെ വിദ്യാലയത്തിൽ എത്തിയതും കുട്ടികളുമായി ചേർന്ന് പുസ്തകങ്ങൾ വാങ്ങിയതും ഒക്കെ അവർ ഇത് ഏറ്റെടുത്തു എന്നതിന് ഏറ്റവും വലിയ തെളിവാണ്. അമ്മ വായന പരിപോഷിപ്പിച്ചതിലൂടെ കുഞ്ഞുങ്ങളുടെ വായനയും വളരെ രീതിയിൽ വളർന്നു. കഥയറിങ്ങിലൂടെ കുട്ടികൾക്ക് കഥകൾ കേൾക്കുവാനുള്ള ഇഷ്ടം വർദ്ധിപ്പിക്കുകയും തുടർന്ന്

സ്വന്തമായി പുസ്തകങ്ങൾ എടുത്ത് കഥകൾ വായിച്ച് ആസ്വദിക്കുവാനുള്ള അവസരങ്ങൾ ധാരാളം ഒരുക്കണമെന്നുള്ള തിരിച്ചറിവും ലഭിച്ചു.

## തുടർ പ്രവർത്തന സാധ്യത

- ### സ്കൂൾ ലൈബ്രറി വിപുലീകരണം

സ്കൂൾ ലൈബ്രറികളുടെ വിപുലീകരണം രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ തുടരുന്നു. പ്രാദേശിക ലൈബ്രറികളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും അവിടെ കുട്ടികൾക്ക് അനുയോജ്യമായ പുസ്തകം ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യു. കുട്ടികളുടെ വീട്ടു വായനാട്ടുകൽ സജീവമാക്കുന്നതിലൂടെ നാട്ടുവായന കൂട്ടം പരിപാടികൾ കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കുന്നു. വിവിധ കോർണറുകളിൽ വാർഡ് സ്ഥാനത്തിൽ ആ പ്രദേശത്തെ നാട്ടുകാരെ ഒരുമിപ്പിച്ചുകൊണ്ട് വായിച്ച പുസ്തകങ്ങളുടെ അവതരണവും ചർച്ചയും സംഘടിപ്പിക്കുന്നു. ആസ്വാദനക്കുറിപ്പുകളുടെ പതിപ്പുകൾ തയ്യാറാക്കുന്നു.
ഈ വായനയും പ്രോത്സാഹിപ്പിക്കുന്നു.

## കുട്ടികളുടെ സ്വതന്ത്ര രചന ആവിഷ്കാരം

നല്ല വായനയിലൂടെ സ്വതന്ത്ര രചനയിലേക്ക് കടന്ന സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ആസ്വാദ്യകരമായ ഡയറിക്കുറിപ്പുകൾ ചേർത്ത് 'ഡയറിയിലെ വരികൾ വരകളും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. കുട്ടികൾ യുറീക്ക പോലുള്ള മാഗസിനുകളിൽ എഴുതിത്തുടങ്ങി.

## സമ്പൂർണ്ണ ഹോം ലൈബ്രറി പ്രഖ്യാപനം

സമ്പൂർണ്ണ ഹോം ലൈബ്രറി പ്രഖ്യാപനം മലയാളത്തിന്റെ പ്രിയ കവി ഏഴാച്ചേരി രാമചന്ദ്രൻ സാർ ആണ് നിർവഹിച്ചത്.

## വായന ഗ്രാമം

വിദ്യാലയം ഏറ്റെടുത്ത് നൂതന പദ്ധതിയിലൂടെ ഒരു ഗ്രാമത്തിനെ ആകെ വായനയിലേക്ക് കൈപിടിച്ചുയർത്തുവാനും മികച്ച ഒരു വായന സംസ്കാരം സൃഷ്ടിക്കുവാനും കഴിഞ്ഞു. കുട്ടികളിൽ രക്ഷിതാക്കളിൽ നാട്ടുകാരിൽ സമൂഹത്തിൽ ആകെ  നല്ല ഒരു മാറ്റം അതിലൂടെ സൃഷ്ടിച്ചു.

## പ്രാദേശിക ലൈബ്രറികൾ





## പുസ്തക കുട്ടക്ക



# <u>പുസ്തക കുടുക്ക പൊട്ടിക്കൽ</u>









# പുസ്തക വണ്ടിയിൽ നിന്നും പുസ്തകങ്ങൾ വാങ്ങൽ








# ഹോം ലൈബ്രറികൾ ഒരുക്കൽ










# ഹോം ലൈബ്രറികൾ നാട്ടുവായനശാലകൾ ആയപ്പോൾ

## നാട്ടിൽ വായന പടർത്താൻ തോട്ടയ്ക്കാട് ഗവ. എൽ.പി.എസ്.



മാതൃഭാഷാ ദിനത്തിൽ തോട്ടയ്ക്കാട് ഗവ. എൽ.പി.എസിലെ കുട്ടികൾ കരവാരം പഞ്ചായത്തംഗം ബിജുവിന് പുസ്തകം നൽകുന്നു

കല്ലമ്പലം ► ലോക മാതൃഭാഷാ ദിനത്തിൽ നാട്ടിൽ വായന പടർത്തി തോട്ടയ്ക്കാട് ഗവ. എൽ.പി. എസിലെ കുരുന്നുകൾ. സമീപത്തുള്ള സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കും നാട്ടുകാർക്കും വായിക്കാനായി കുട്ടികൾ നൂറോളം സാഹിത്യ കൃതികൾ നൽകി.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ഹോം ലൈബ്രറികളിലൂടെ നാട്ടുവായനശാലകൾ എന്നിങ്ങനെ വ്യത്യസ്തതരത്തിൽ തോട്ടയ്ക്കാട് ഗവ. എൽ.പി.എസ്. വായനാ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പുസ്തകക്കുടുക്കകൾ എന്ന പദ്ധതിയിലൂടെ വിദ്യാലയത്തിൽ തുടങ്ങി ഒരു ഗ്രാമത്തിനെയാകെ വായനഗ്രാമം ആക്കി മാറ്റുകയാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് വായനാ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന അധ്യാപിക ഷമീന പറഞ്ഞു.

15 ദിവസത്തേക്ക് ഒരാൾക്ക് നൽകുന്ന പുസ്തകം തിരികെ നൽകുമ്പോൾ ഒരു വായനക്കുറിപ്പു കൂടി ഉണ്ടാകണമെന്ന് കുട്ടികൾ പറയുന്നു.

ആഴത്തിലുള്ള വായന ഇതിലൂടെ ഉറപ്പാക്കുന്നു.

വിദ്യാലയത്തിലെത്തന്നെ മൂന്നാം ക്ലാസ് വിദ്യാർഥിയായ അനുഗ്രഹയുടെ ഹോം ലൈബ്രറിയിലെ പുസ്തകങ്ങളാണ് മാതൃഭാഷാദിനത്തിൽ വായനയ്ക്ക് നാട്ടിനായി നൽകിയത്.

---

ന്നു അദ്ദേഹം. ട്രസ്റ്റ് ചെയർപേഴ്സൺ ജസ്റ്റിസ് ലക്ഷ്മിക്കുട്ടി അ

രുമ്പാവൂർ ജി. രവീന്ദ്രനാഥ്, കുറിച്ചിത്താനം ജയകുമാർ, ഡോ.ഗാ

ത്തറ വിജയകുമാർ, ശ്രീകാന്ത പി. കൃഷ്ണൻ, ഇളമ്പ ഉണ്ണികൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.



ഹോം ലൈബ്രറി അടൂർ പ്രകാശ് എം.പി ഉദ്ഘാടനം ചെയ്യുന്നു

## അമിലിൻെറ ഹോം ലൈബ്രറി ഇനി നാട്ടുവായനക്ക്

● മാതൃകയായി മൂന്നാംക്ലാസുകാരൻ

**കിളിമാനൂർ:** മൂന്നാംക്ലാസ് വിദ്യാർഥി വായിച്ചുതീർത്ത അഞ്ഞൂറിലധികം പുസ്തകങ്ങളും വായനക്കുറിപ്പുകളും അടങ്ങിയ ഹോം ലൈബ്രറി നാട്ടുവായനക്കായി തുറന്നുകൊടുത്തു. തോട്ടയ്ക്കാട് ഗവ. എൽ.പി.എസിലെ അമിലിൻെറ വായന ലൈബ്രറിയുടെ ഉദ്ഘാടനം അടൂർ പ്രകാശ് എം.പി നിർവഹിച്ചു.

'പുസ്തകക്കുടുക്ക' എന്ന ആശയത്തിലൂടെ വിദ്യാർഥികൾക്ക് അധ്യാപകർ കുടുക്കകൾ സമ്മാനമായി നൽകുകയും നാണയത്തുട്ടുകൾ കൂട്ടിവെച്ച് പുസ്തകങ്ങൾ വാങ്ങി വീടുകളിൽ ലൈബ്രറികൾ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു.

ഫെബ്രുവരിയിൽ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളുടെ വീടുകളിലും ഹോംലൈബ്രറികൾ ഒരുങ്ങുകയും സമ്പൂർണ ഹോംലൈബ്രറി പ്രഖ്യാപനം കവി ഏഴാച്ചേരി രാമചന്ദ്രൻ നിർവഹിക്കുകയും ചെയ്തു.

'കുട്ടി വായന, അമ്മ വായന, നാട്ടു വായന' തുടങ്ങിയ പദ്ധതികളിലൂടെ തോട്ടയ്ക്കാട് ഗ്രാമത്തിനെ ആകെ വായനക്കാർ ആക്കുക എന്നതാണ് പദ്ധതിയുടെലക്ഷ്യം. വിദ്യാലയത്തിലെ മുഴുവൻ കുട്ടുകാരും തങ്ങളുടെ ഹോം ലൈബ്രറികൾ നാടിനായി തുറന്നുകൊടുക്കുന്നതിൻെറ ആദ്യ ഉദ്ഘാടനമാണ് മൂന്നാംക്ലാസു കാരനായ അമിലിൻെറ വീട്ടിലെത്തി എം.പി നിർവഹിച്ചത്.

മത്സ്യത്തൊഴിലാളിയായ രഞ്ജിത്തിൻെറയും കശുവണ്ടി തൊഴിലാളിയായ സീനയുടെയും മകനാണ് അമിൽ.

പ്രഥമാധ്യാപിക ജയശ്രീ, വായന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഷമീന, അരുൺദാസ്, പി.ടി.എ പ്രസിഡൻറ് റിജു, പി.ടി.എ വൈസ് പ്രസിഡൻറ് ഗോപിനാഥൻ ആശാരി, പൂർവവിദ്യാർഥിസംഘടന പ്രസിഡൻറ് ദിലീപ് തോട്ടയ്ക്കാട്, നിസാം ജയേഷ് തുടങ്ങിയവർ പങ്കെടുത്തു.

# വായനയിൽ താരങ്ങളായി ജിതിനും അഭിമന്യുവും

കല്ലമ്പലം ● തോട്ടയ്ക്കാട് ഗവ. എൽപിഎസിലെ മൂന്നാം ക്ലാസ്സ് വിദ്യാർഥികളായ എസ്.ജിതിനും എസ്.അഭിമന്യുവും കോവിഡ് കാലത്ത് വായിച്ചു കഴിഞ്ഞത് മുന്നൂറിലധികം പുസ്തകങ്ങൾ. വായിക്കുക മാത്രമല്ല, വായിച്ച കഥ,കവിത എന്നിവയുടെ കുറിപ്പുകൾ തയാറാക്കി അതിമനോഹരമായ ചിത്രങ്ങൾ കൂടി വരച്ചു ചേർക്കുക ഇവർ ശീലമാക്കി. ഏതു സമയത്തും കഥാ സന്ദർഭങ്ങൾ ഇവർക്ക് ഓർത്ത് പറയാനും കഴിയും. ഇതോടെ ഇവർ സ്കൂളിലെ താരങ്ങളായി.

സ്കൂളിലെ വായന പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിൽ സജ്ജമായ ഹോം ലൈബ്രറികളിലെ പുസ്തകങ്ങളാണ് കുട്ടികൾ വായനയ്ക്കായി ഉപയോഗിക്കുന്നത്. ആഴത്തിലുള്ള വായന ലക്ഷ്യമിട്ടാണ് അധ്യാപകർ വായനയ്ക്ക് ഒപ്പം കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെട്ടത്. ഇതിലൂടെ മുഴുവൻ



ജിതിനും അഭിമന്യുവും.

വിദ്യാർഥികളെയും നല്ല വായനക്കാർ ആക്കി മാറ്റാൻ കഴിഞ്ഞതായി അധ്യാപകർ പറയുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,പരിഷത്ത് എന്നിവയുടെ കുഞ്ഞു പുസ്തകങ്ങളാണ് കുട്ടികൾ വായനയ്ക്കായി അധികവും തിരഞ്ഞെടുത്തത്.

കുട്ടികളുടെ വായന കുറിപ്പുകൾ പുസ്തക രൂപത്തിൽ ആക്കാനുള്ള തയാറെടുപ്പിലാണ് അധ്യാപകർ.

SHOT ON REDMI Y3
AI DUAL CAMERA

കേരളകൗമുദി

# സംസ്ഥാന പുരസ്കാരം



കല്ലമ്പലം: തോട്ടയ്ക്കാട് ഗവ.എൽ.പി.എസിന് സംസ്ഥാന പുരസ്കാരം. സംസ്ഥാന ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) പ്രഖ്യാപിച്ച മികവ് സീസൺ ഫൈവ് പുരസ്കാരമാണ് തോട്ടയ്ക്കാട് ഗവ.എൽ.പി.എസ് കരസ്ഥമാക്കിയത്. പുരസ്കാരവും പ്രശസ്തി പത്രവും എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.ആർ.കെ.ജയപ്രകാശിൽ നിന്ന് വിദ്യാലയ പ്രതിനിധികൾ ഏറ്റുവാങ്ങി. മികച്ച ഗവേഷണാത്മക പ്രവർത്തനത്തിന് നേതൃത്വം നൽകിയ അദ്ധ്യാപികയ്ക്കുള്ള സർട്ടിഫിക്കറ്റ് അദ്ധ്യാപിക ഷെമീന ഏറ്റുവാങ്ങി.

# പുസ്തകക്കുടുക്കയിലെ തുക ദുരിതാശ്വാസ നിധിയിലേക്ക്

കിളിമാനൂർ

തോട്ടയ്ക്കാട് ഗവ. എൽപിഎസിലെ കുട്ടികൾ പുസ്തകങ്ങൾ വാങ്ങാൻ കുടുക്കകളിൽ ശേഖരിച്ച പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. കുട്ടികൾ സമാഹരിച്ച പതിനായിരം രൂപ ബി സത്യൻ എംഎൽഎ ഏറ്റുവാങ്ങി. ഈ വിദ്യാലയത്തിലെ കുട്ടികൾ മൂന്ന് വർഷമായി കുടുക്കകളിൽ വീഴുന്ന നാണയങ്ങൾ പുസ്തകങ്ങൾ വാങ്ങാനാണ് ഉപയോഗിക്കുന്നത്. ഫെബ്രുവരിയിൽ വിദ്യാലയത്തിൽ എത്തിയ പുസ്തക വണ്ടിയിൽനിന്നും പുസ്തകങ്ങൾ സ്വന്തമാക്കിയിരുന്നു. അതിനുശേഷം സ്വരൂപിച്ച രൂപയാണ് നാടിന്റെ നന്മയ്ക്കായി നൽകി മാതൃകയായത്.



തോട്ടയ്ക്കാട് എൽപിഎസിലെ കുരുന്നുകൾ പുസ്തകം വാങ്ങാനായി ശേഖരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നതിന് ബി സത്യൻ എംഎൽഎക്ക് കൈമാറുന്നു

പുസ്തകങ്ങൾ, കളർ ബുക്കുകൾ, ക്രയോൺസ് തുടങ്ങിയവ അധ്യാപകർ കുട്ടികൾക്ക് വീട്ടിലെത്തിച്ചു നൽകിയിരുന്നു. കരവാരം പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ് സുരേഷ്കുമാർ, പ്രഥമാധ്യാപിക ഇ ആർ ജയശ്രീ, പിടിഎ പ്രസിഡന്റ് റിജു, അധ്യാപിക എം എൽ ഷമീന തുടങ്ങിയവർ പങ്കെടുത്തു.

# മോഹം സഫലം; ഹാപ്പിയാണീ കുട്ടി ലൈബ്രേറിയൻ

വി കെ അനുശ്രീ

തിരുവനന്തപുരം

'മന്ത്രിമാഷെ കാണണം. കെട്ടിപ്പിടിച്ച് നന്ദി പറയണം. വായനാ കാർഡുകൾ തന്നതിന്.' അഞ്ഞൂറിലേറെ പുസ്തകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പ് എഴുതിയ മൂന്നാം ക്ലാസുകാരൻ അമിലിന്റെ ആഗ്രഹം കൈയോടെ സാധിച്ചുനൽകി ഷമീന ടീച്ചറും പ്രധാനാധ്യാപിക ജയശ്രീയും. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ മന്ത്രി രവീന്ദ്രനാഥിനെ കണ്ടപ്പോൾ ആദ്യമൊരു കെട്ടിപ്പിടിത്തം. പിന്നെ അമിൽ പറഞ്ഞു, കരവാരം തോട്ടയ്ക്കാട് ഗവ. എൽപിഎസിലെ 95 'കുട്ടി ലൈബ്രേറിയന്മാ'രുടെ കഥ.

പ്രൈമറി വിദ്യാർഥികൾക്കായുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വായനാ കാർഡിലൂടെ അക്ഷരങ്ങളെ ഉറ്റചങ്ങാതിമാരാക്കിയവരാണ് ഈ മിടുക്കർ. വായനാ കാർഡുകൾ കൗതുകപൂർവം വായിച്ച് തീർത്ത കുട്ടികളെ പുസ്തകങ്ങളുടെ ലോകത്തെത്തിക്കാൻ മൂന്നുവർഷം മുമ്പാണ് ഷമീന ടീച്ചർ 'പുസ്തകക്കുടുക്ക' തുടങ്ങിയത്. ഒന്നാം ക്ലാസിലെ എല്ലാവർക്കും കുടുക്കകൾ നൽകി. നാണയത്തുട്ടുകൾ ചേർത്തുവച്ച് ഒരു വർഷത്തിന് ശേഷം ഓരോരുത്തരും പുസ്തകങ്ങൾ വാങ്ങി. ആടും ആമയും പുഴയും പൂക്കളും മാരിവില്ലുമൊക്കെയുള്ള ബാലസാഹിത്യ പുസ്തകങ്ങൾ. ടാർപോളിൻ വച്ച് മറച്ച കൊച്ചുകുടിലുകളിൽ പോലും കുട്ടികൾ ഇതുമായി 'ഹോം ലൈബ്രറി'കൾ തുടങ്ങി. തങ്ങളുടെ കൊച്ചുവീട്ടിൽ മീൻ കച്ചവടക്കാരനായ അച്ഛൻ രഞ്ജിത്തും കശുവണ്ടി ഫാക്ടറി തൊഴിലാളിയായ അമ്മ സീനയും അമിലിനും ഒരുക്കി ഒരു കുഞ്ഞൻ



തോട്ടയ്ക്കാട് ഗവ. എൽപി സ്കൂളിലെ മൂന്നാംക്ലാസ് വിദ്യാർഥി അമിലും സുഹൃത്തുക്കളും ചേർന്ന് തയ്യാറാക്കിയ ചിത്രകഥാ പുസ്തകം മന്ത്രി സി രവീന്ദ്രനാഥ് നോക്കുന്നു

വായനാ മൂല.

മിഠായിയും കളിപ്പാട്ടവും വാങ്ങാതെ ചില്ലറത്തുട്ടുകൾ പുസ്തകങ്ങൾക്കായി മാറ്റിവച്ചു. വായിച്ച ശേഷം ആസ്വാദന കുറിപ്പുകൾ കൃത്യമായി എഴുതി. അവയെപ്പറ്റി ചിത്രങ്ങൾ വരച്ചു. 'പുസ്തകപ്പൂര'ങ്ങളെപ്പറ്റി കേട്ടറിഞ്ഞ നാട്ടുകാരും സാംസ്കാരിക പ്രവർത്തകരും കുഞ്ഞുങ്ങൾക്ക് പുസ്തകങ്ങൾ സമ്മാനിച്ചു.

ലൈബ്രറികൾ വളർന്നതോടെ വായനാനുഭവം പങ്കുവയ്ക്കാനും തീരുമാനിച്ചു കുട്ടികൾ. 2018 ഡിസംബർ മുതൽ 95 കുട്ടി ലൈബ്രേറിയന്മാരുണ്ട് കരവാരം പഞ്ചായത്തിൽ. സ്റ്റോക്ക് രജിസ്റ്റർ, ലെൻഡിങ് രജിസ്റ്റർ ഒക്കെയായി സ്വന്തം പുസ്തകങ്ങൾ അയൽപക്കത്തെ കൂട്ടുകാർക്കും മുതിർന്നവർക്കും കടം നൽകുന്നു ഇവർ. 'ബി സത്യൻ എംഎൽഎയുടെ സഹായത്തോടെയാണ് മന്ത്രിയെ കാണാനായത്. ഇനിയും ഒരുപാട് വായിക്കാൻ പറഞ്ഞു മാഷ്. ഒരു നാൾ മാഷെ കൂട്ടീട്ട് പോണം, ഞങ്ങളുടെ പുസ്തകപ്പൂരകൾ കാണിക്കാൻ,' കൂട്ടുകാർക്കായി പുതിയ സ്വപ്നങ്ങൾ നെയ്യുകയാണ് അമിൽ.

# തോട്ടയ്ക്കാട് ഗവ. എൽ പി എസിന് സംസ്ഥാന പുരസ്കാരം

കല്ലമ്പലം | തോട്ടയ്ക്കാട് ഗവ. എൽ പി എസിന് സംസ്ഥാന പുരസ്കാരം. സംസ്ഥാന ഗവേഷണ പരിശീലന സമിതി ( എസ് സി ഇ ആർ ടി)പ്രഖ്യാപിച്ച മികവ് സീസൺ ഫൈവ് പുരസ്കാരമാണ് തോട്ടയ്ക്കാട് ഗവ. എൽ പി എസ് കരസ്ഥമാക്കിയത്. മികച്ച വായന പരിപോഷണ പരിപാടികളിലൂടെ കുട്ടികളെയും രക്ഷിതാക്കളെയും മികച്ച വായനക്കാരാക്കുകയും കുട്ടികളെ സ്വതന്ത്ര എഴുത്തുകാരും രചയിതാക്കളുമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന മികവാർന്ന പദ്ധതിക്കാണ് മികവ് സീസൺ ഫൈവ് പുരസ്കാരം.



മികവ് സീസൺ ഫൈവ് പുരസ്കാരം തോട്ടയ്ക്കാട് ഗവ. എൽ പി എസ് പ്രതിനിധികൾ ഏറ്റുവാങ്ങുന്നു

നല്ല വായനയിലൂടെ സർഗാത്മക രചനകളിലേക്ക് കടന്ന വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും രചനകൾ ഉൾപ്പെടുത്തി സ്കൂളിലെ തന്നെ അധ്യാപികയായ ഷമീന ടീച്ചറുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച് പുറത്തിറക്കിയ ഡയറിക്കുറിപ്പുകളുടെ സമാഹാരമായ 'വരികൾ വരകളും' സംസ്ഥാനതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. സമ്പൂർണ്ണ ഹോം ലൈബ്രറി വിദ്യാലയമാണ് തോട്ടയ്ക്കാട് ഗവ. എൽ പി എസ്. വിദ്യാലയത്തിലെ ഇടവേളകളിൽ നടക്കുന്ന കഥാവേളയും അമ്മയും കുഞ്ഞും ഒരേ സമയം വായനയിൽ ഏർപ്പെടുന്ന രസകരമായ പരിപാടിയും രക്ഷിതാക്കളെ പുസ്തകത്തോട് കൂട്ടുകൂടാൻ പ്രേരിപ്പിച്ച നൂതന പദ്ധതികളാണ്. മികച്ച തുടർ പ്രവർത്തന സാധ്യതകളോടെ മുന്നോട്ടുപോകുന്ന ഈ മികവാർന്ന പ്രവർത്തനത്തിനുള്ള വിദ്യാലയ പുരസ്കാരവും പ്രശസ്തിപത്രവും എസ് സി ഇ ആർ ടി ഡയറക്ടർ ഡോ. ആർ കെ ജയപ്രകാശിൽ നിന്ന് വിദ്യാലയ പ്രതിനിധികൾ ഏറ്റുവാങ്ങി.

മികച്ച ഗവേഷണാത്മക പ്രവർത്തനത്തിന് നേതൃത്വം നൽകിയ അധ്യാപികക്കുള്ള സർട്ടിഫിക്കറ്റ് അധ്യാപികയായ ഷമീന ഏറ്റുവാങ്ങി. ഇത്തരത്തിൽ കേരളത്തിൽ നിന്ന് തിരഞ്ഞെടുത്ത 12 വിദ്യാലയങ്ങളിൽ ഒന്നും തിരുവനന്തപുരം ജില്ലയിലെ ഏക വിദ്യാലയവുമാണ് തോട്ടയ്ക്കാട് ഗവ. എൽ പി എസ്.

. പരിപാടിയിൽ വിവിധ ജില്ലകളിലെ അധ്യാപക പ്രതിനിധികൾ, പി ടി എ അംഗങ്ങൾ, വിദ്യാഭ്യാസ വിദഗ്ധർ, എസ് സി ഇ ആർ ടി പ്രതിനിധികൾ പങ്കെടുത്തു.

ഷമീന ബീവി എം എൽ ( സീനിയർ അധ്യാപിക)
ഗവൺമെന്റ് എൽ പി എസ് തോട്ടയ്ക്കാട്
(കിളിമാനൂർ സബ്ജില്ല )
തോട്ടയ്ക്കാട്
കരവാരം പി ഒ
തിരുവനന്തപുരം ജില്ല
പിൻ 695605
ഫോൺ 7025817153